വൈകുന്നേരം മൂന്ന് മണിക്ക് ആരംഭിക്കുന്ന പ്രകാരവും പുനഃക്രമീകരിച്ചിരുന്നു. ക്രമീകരണത്തിലൂടെ തൊഴിലാളികൾക്ക് അമിതമായ അന്തരീക്ഷ താപത്തിൽനിന്നും രക്ഷനേടാനും തളർച്ച, സൂര്യതാപം മുതലായ വൈഷമ്യങ്ങൾ ഒഴിവാക്കി സുരക്ഷിതമായി ജോലിയിൽ ഏർപ്പെടാനും കഴിയും.

(ഡി) മേൽ ഉത്തരവ് നടപ്പിലാക്കുന്നുണ്ടോയെന്ന് പരിശോധിക്കുവാനായി എൻഫോഴ്സ്മെന്റ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിരുന്നു. ജില്ലാ ലേബർ ഓഫീസർ മാരുടെ നേതൃത്വത്തിൽ സ്ക്വാഡ് പരിശോധനകളും നടത്തിയിരുന്നു.

ഐ.ടി. മേഖലയിലെ മിനിമം വേതനം

198 (3634) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്നോ പാർക്ക് അടക്കമുള്ള ഐ. ടി. മേഖലയിൽ ഐ. ടി. ഒഴിച്ചുള്ള സാങ്കേതിക വിഭാഗം ജീവനക്കാർക്ക് മിനിമം വേതനം പ്രഖ്യാപിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഈ വേതനം പരിഷ്കരിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) 27-7-2011 ലെ സ. ഉ. (എംഎസ്.) നമ്പർ 99/2011/തൊഴിൽ പ്രകാരം സംസ്ഥാനത്തെ ഇലക്ട്രോണിക് ഇൻഡസ്ട്രി (എക്സ്പോർട്ട് പ്രോസസിംഗ് സോൺ ഉൾപ്പെടെ) മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. ഇതിനുപുറമേ 9-8-2011-ലെ സ.ഉ (എംഎസ്.) നമ്പർ 111/2011/തൊഴിൽ പ്രകാരം കമ്പ്യൂട്ടർ സോഫ്റ്റ് വെയർ മേഖലയിൽ പണിയെടുക്കുന്ന വിവിധ വിഭാഗം ജീവനക്കാർക്കും (ടെക്നിക്കൽ - നോൺ ടെക്നിക്കൽ വിഭാഗങ്ങൾ ഉൾപ്പെടെ) മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്.

(ബി) 24-6-2015-ലെ സ്. ഉ. (പി) നമ്പർ 73/2015/തൊഴിൽ പ്രകാരം ഇലക്ട്രോണിക് ഇൻഡസ്ട്രി മേഖലയിലെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിലേയ്ക്കായി ശ്രീ. പി. കെ. ഗോപാലൻ സ്വതന്ത്രാംഗവും ചെയർമാനുമായും കാസർഗോഡ് ജില്ലാ ലേബർ ഓഫീസർ (ഇ) ശ്രീ. കെ. വിനോദ്കുമാർ സ്വതന്ത്രാംഗമായും കൂടാതെ ശ്രീമതി ജെ. മേഴ്സിക്കുട്ടിയമ്മ, ശ്രീ. കെ. വി. നാരായണൻ നായർ, ശ്രീ. സലീം ജി. മോഡയിൽ, ശ്രീ. കെ. സുരേന്ദ്രൻ എന്നിവർ തൊഴിലാളി പ്രതിനിധികളായും ശ്രീ. കെ. എൻ. രാമകൃഷ്ണൻ, ശ്രീ. സുധീഷ് കുമാർ, ശ്രീ. ചെറിയാൻ എം. ജോർജ്ജ്, ശ്രീ. ജോണി മുക്കം എന്നിവർ തൊഴിലുടമാ പ്രതിനിധികളായും നിശ്ചയിച്ച് ഒരു പത്തംഗ മിനിമം വേതന ഉപസമിതിയും രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly